ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:06.08.2024**

### പ്രധാനവാർത്തകൾ

1. സാധ്യതകളൊന്നും ബാക്കിനിർത്താതെയുള്ള തെരച്ചിലാണ് വയനാട് ഉരുൾപൊട്ടൽ ബാധിതമേഖലയിൽ നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരിതാശ്വാസ നിധിയെക്കുറിച്ച് നടത്തുന്ന വ്യാജപ്രചരണങ്ങൾ പ്രതിലോമപരമാണെന്നും മുഖ്യമന്ത്രി.

2. ഉരുൾപൊട്ടലിൽ കാണാതായവർക്കായി ദൗത്യസംഘം ഇന്നും തിരച്ചിൽ തുടർന്നു. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് പദ്ധതിയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി കെ.രാജൻ.

3. വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് തുടർപഠന സൗകര്യം ഒരുക്കി വിദ്യാഭ്യാസ വകുപ്പ്. ദുരന്തബാധിത പ്രദേശങ്ങളിൽ അടുത്ത ആറു മാസം സൗജന്യ വൈദ്യുതി വിതരണം ചെയ്യും.

4. ബംഗ്ലാദേശ് വിഷയത്തിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പാർലമെന്റിൽ പ്രസ്താവന നടത്തി. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ ഇന്ത്യ നിരന്തരം നിരീക്ഷിച്ചുവരുന്നതായി കേന്ദ്രമന്ത്രി.

RNUTVPM

5. **പാരിസ് ഒളിമ്പിക്സ് പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ നീരജ് ചോപ്ര ഫൈനലിൽ കടന്നു. ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജർമനിയെ നേരിടും.**

========================================

ഹെഡ്ലൈൻ-1

വയനാട് (ഇൻട്രോ)

വയനാട് ഉരുൾപൊട്ടലിൽ കാണാതായവരെ കണ്ടെത്താൻ സാധ്യതകളൊന്നും ബാക്കിനിർത്താതെയുള്ള തെരച്ചിലാണ് നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരിശോധിക്കാത്ത ഒരു പ്രദേശവും ഈ മേഖലയിലുണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടു പോകുന്നത്. ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ സ്കൂൾ ക്യാമ്പുകളിൽ നിന്ന് മാറ്റുമ്പോൾ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(മുഖ്യമന്ത്രി ഹോൾഡ് വോയിസ്)

ദുരന്തബാധിത മേഖലകളിലെ വീടുകളിൽ നിന്ന് വിലപിടിപ്പുള്ള വസ്തുക്കൾ സുരക്ഷിതമായി വീണ്ടെടുക്കാൻ അവസരം ഒരുക്കും. ഗുരുതരമായ കേടുപാടുകൾ സംഭവിച്ച, കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ സാധ്യമാണോയെന്ന് പരിശോധിക്കും. ദുരന്തത്തിൽ മരിച്ചവരുടെ സ്ഥിരീകരിച്ച സംഖ്യ 224-ലെത്തിയതായും മുഖ്യമന്ത്രി അറിയിച്ചു. 154 പേരെ കാണാതായി എന്നാണ് കണക്ക്. 88 പേർ ഇപ്പോഴും ആശുപത്രികളിലാണ്. ചൂരൽ മല ഭാഗത്ത് 9 ക്യാമ്പുകളിലായി 1381 പേരാണ് കഴിയുന്നത്. മൃതദേഹങ്ങളും ശരീരഭാഗങ്ങളും മറവ് ചെയ്യുന്നതിന് കൂടുതൽ സ്ഥലം ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുക്കും. തിരിച്ചറിയാനാകാത്ത മൃതദേഹങ്ങളുടെ

RNUTVPM

ഡി.എൻ.എ പരിശോധന സ്വകാര്യ ലാബുകളിലും ചെയ്യാനാകുമോ എന്ന് പരിശോധിക്കും. മൃതദേഹങ്ങൾ കടലിൽ ഒഴുകിയെത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് നടത്തിയ പ്രസ്താവനയെയും അദ്ദേഹം വിമർശിച്ചു. കേരളത്തിലെ മലയോര മേഖലയിലെ കുടിയേറ്റത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്നും, അനധികൃത കുടിയേറ്റമായി ഇതിനെ മുദ്ര കുത്താൻ സാധിക്കില്ല എന്നും മുഖ്യമന്ത്രി പറഞ്ഞു.

******************************************

## ഹെഡ്‌ലൈൻ-1എ
## ദുരിതാശ്വാസ നിധി

ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായ ജൂലൈ 30 മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന ഓരോ തുകയും വയനാടിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇന്നലെ വരെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ അൻപത്തിമൂന്ന് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ ലഭിച്ചു. സംഭാവന നൽകാൻ താല്പര്യമുള്ള സർക്കാർ ജീവനക്കാർ സ്ഥാപനമേധാവികൾക്ക് സമ്മതപത്രം നൽകിയാൽ സ്പാർക്ക് മുഖേന തുടർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ദുരിതാശ്വാസ നിധിയെക്കുറിച്ച് നടത്തുന്ന വ്യാജപ്രചരണങ്ങൾ പ്രതിലോമപരമാണെന്നും ഇത് ചിലരിലെങ്കിലും തെറ്റിദ്ധാരണ സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി പ്രതികരിച്ചു.

******************************************

RNUTVPM

## ഹെഡ്‌ലൈൻ-2

### സൺറൈസ് വാലി

ചാലിയാർ തീരത്തെ ദുർഘടമേഖലയായ സൺറൈസ് വാലിയിൽ ദൗത്യസംഘം ഇന്ന് തിരച്ചിൽ നടത്തി. കരസേന, പോലീസ്, വനംവകുപ്പ് എന്നിവയിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെട്ട സംഘത്തെ ഹെലികോപ്റ്ററിലാണ് ഇവിടെയെത്തിച്ചത്. ദുരന്ത മേഖലയിൽ നിന്ന് കണ്ടെടുത്ത, തിരിച്ചറിയാത്ത 22 ശരീര ഭാഗങ്ങൾ ഇന്ന് പുത്തുമലയിൽ സംസ്കരിച്ചു. സർവമത പ്രാർത്ഥനയോടെയായിരുന്നു സംസ്കാര ചടങ്ങുകൾ.

*****************************************

## ഹെഡ്‌ലൈൻ-2എ

### കെ രാജൻ

വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിൽപെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് പദ്ധതിയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് റവന്യൂ മന്ത്രി കെ.രാജൻ. വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ തുടങ്ങി എല്ലാം ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന മാതൃകാ പദ്ധതിയായിരിക്കുമിത്. ക്യാമ്പിൽ കഴിയുന്നവർക്ക്, പുനരധിവാസം സാധ്യമാകുന്നത് വരെ താമസിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചതായും മന്ത്രി പറഞ്ഞു. ഒഴിഞ്ഞ് കിടക്കുന്ന സർക്കാർ - സ്വകാര്യ കെട്ടിടങ്ങൾ, വീടുകൾ, റിസോർട്ടുകൾ എന്നിവ ഒരാഴ്ചക്കകം കണ്ടെത്തി നൽകാൻ നിർദേശം നൽകിയിട്ടുണ്ട്. രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെതിരായ കുപ്രചരണങ്ങൾ അവസാനിപ്പിക്കണമെന്ന് മന്ത്രി എ.കെ ശശീന്ദ്രനും അഭ്യർത്ഥിച്ചു. ദുരന്തബാധിതമേഖലകൾ സന്ദർശിക്കുകയായിരുന്നു ഇരുവരും.

RNU TVPM

****************************************

## ഹെഡ്‌ലൈൻ-3

### വൈദ്യുതി വിതരണം

വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങളിൽ അടുത്ത ആറു മാസം സൗജന്യമായി വൈദ്യുതി വിതരണം ചെയ്യാൻ മന്ത്രി കെ. കൃഷ്ണൻകുട്ടി നിർദ്ദേശം നല്കി. മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ ഉൾപ്പെടുന്ന കെ.എസ്.ഇ.ബി.യുടെ ചൂരൽമല എക്സ്ചേഞ്ച്, ചൂരൽമല ടവർ, മുണ്ടക്കൈ, കെ കെ നായർ, അംബേദ്കർ കോളനി, അട്ടമല, അട്ടമല പമ്പ് എന്നീ ട്രാൻസ്ഫോർമറുകളിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കാണ് പ്രയോജനം ലഭിക്കുക. ഇവർക്ക് നിലവിൽ വൈദ്യുതി ചാർജ് കുടിശ്ശിക ഉണ്ടെങ്കിൽ അത് ഈടാക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

****************************************

## ഹെഡ്‌ലൈൻ-3എ

### വിദ്യാഭ്യാസ വകുപ്പ്-തുടർ പഠന സൗകര്യം

ഉരുൾപൊട്ടൽ ദുരന്ത മേഖലയിലെ വെള്ളാർമല, മുണ്ടക്കൈ സ്കൂളുകൾക്ക് തുടർപഠന സൗകര്യം ഒരുക്കി വിദ്യാഭ്യാസ വകുപ്പ്. വെള്ളാർമല സ്കൂളിലെ 552 കുട്ടികൾക്കും മുണ്ടക്കൈ ജി.എൽ.പി സ്കൂളിലെ 62 കുട്ടികൾക്കുമാണ് ബദൽ മാർഗമൊരുങ്ങുന്നത്. ഇതിനായി മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എ.പി.ജെ ഹാളിലും സൗകര്യം ഒരുക്കും. പൊതു പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്ന കുട്ടികൾക്ക് ക്ലാസുകൾ ആരംഭിക്കാൻ രക്ഷിതാക്കൾ താത്പര്യമറിയിച്ചതായും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിൽ ഒന്നാംപാദ പരീക്ഷയും മാറ്റിവച്ചിട്ടുണ്ട്. മേപ്പാടി ഗവ. ഹയർസെക്കൻററി സ്കൂളിൽ

RNU TVPM

ക്യാമ്പുകൾ നിർത്തുന്നതോടെ ക്ലാസുകൾ പുനരാരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

*****************************************

## ലേബർ ബോർഡ്-വി ശിവൻകുട്ടി

തോട്ടം തൊഴിലാളികൾക്കും അതിഥി തൊഴിലാളികൾക്കും ലേബർ ബോർഡ് സാമ്പത്തിക സഹായം നൽകുമെന്ന് മന്ത്രി വി. ശിവൻകുട്ടി. ദുരന്തത്തിൽ മരിച്ച തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ലേബർ ബോർഡ് ഒരു ലക്ഷം രൂപ വീതം നൽകും. അതിഥി തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുമെന്നും. വയനാട്ടിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചശേഷം മന്ത്രി പറഞ്ഞു.

*****************************************

ഹെഡ്ലൈൻ-4

## എസ്. ജയ്ശങ്കർ-ബംഗ്ലാദേശ്

RNUTVPM

ബംഗ്ലാദേശിലുള്ള ഇന്ത്യക്കാരുമായി നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ബംഗ്ലാദേശ് വിഷയത്തിൽ പാർലമെന്റിൽ സ്വമേധയാ നടത്തിയ പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. നിലവിൽ 9,000 വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 19,000 ഇന്ത്യാക്കാരാണ് ബംഗ്ലാദേശിലുള്ളത്. ധാക്കയിലെ ഹൈക്കമ്മീണർ മുന്നറിയിപ്പ് നൽകിയതിനെ തുടർന്ന് ഭൂരിഭാഗം വിദ്യാർത്ഥികളും കഴിഞ്ഞ മാസം തന്നെ ഇന്ത്യയിലേക്ക് മടങ്ങിയിട്ടുണ്ടെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ ഇന്ത്യ നിരന്തരം നിരീക്ഷിക്കുകയാണ്. ബംഗ്ലാദേശ് പ്രധാനമന്ത്രി സ്ഥാനം രാജിവെക്കാൻ തീരുമാനിച്ച ഉടൻ തന്നെ ഷെയ്ഖ് ഹസീന ഇന്ത്യയിലേക്ക് വരാൻ അനുമതി തേടിയതായും അദ്ദേഹം പറഞ്ഞു.

*****************************************

**അമീബിക് മസ്തിഷ്ക ജ്വരം**

തിരുവനന്തപുരത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച നെയ്യാറ്റിൻകര നെല്ലിമൂട് പ്രദേശത്ത് 39 പേർ നിരീക്ഷണത്തിലുണ്ടെന്ന് ആരോഗ്യവകുപ്പ്. രോഗം സ്ഥിരീകരിച്ച പേരൂർക്കട സ്വദേശിയ്ക്ക് രോഗം ബാധിച്ചത് എവിടെ നിന്നാണെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല. കഴിഞ്ഞ മാസം 23ന് മരിച്ച യുവാവും ഇപ്പോൾ ചികിത്സയിലുള്ള 4 പേരിൽ 3 പേരും നെല്ലിമൂട് സ്വദേശികളാണ്. രോഗ ബാധ റിപ്പോർട്ട് ചെയ്ത പ്രദേശം തിരുവനന്തപുരം ഡിഎംഒ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

---

**കൃഷി നാശം - പത്തനംതിട്ട (ഇൻട്രോ)**

RNU TVPM

പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ മാസമുണ്ടായ മഴക്കെടുതിയിൽ 386 ലക്ഷത്തിലധികം രൂപയുടെ കൃഷിനാശമുണ്ടായതായി റിപ്പോർട്ടുകൾ. 2,053 കർഷകരാണ് കൃഷിനാശം നേരിട്ടത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയിസ്)**

*****************************************

**മഴ**

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ മാത്രമാണ് മഞ്ഞ ജാഗ്രത നൽകിയിരിക്കുന്നത്. മീൻപിടിത്തത്തിനും തടസ്സമില്ല.

*****************************************

## ഹെഡ്‌ലൈൻ-5

## പാരിസ് ഒളിമ്പിക്സ്

പാരിസ് ഒളിമ്പിക്സ് പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ നീരജ് ചോപ്ര ഫൈനലിൽ കടന്നു. ഫൈനൽ യോഗ്യതയ്ക്കു വേണ്ട ദൂരം 84 മീറ്ററാണെന്നിരിക്കെ, ആദ്യ ശ്രമത്തിൽത്തന്നെ 89.34 മീറ്റർ ദൂരം എറിഞ്ഞാണ് നീരജിന്റെ ഫൈനൽ പ്രവേശം. എന്നാൽ ഗ്രൂപ്പ് എ യിൽ ഇതേ ഇനത്തിൽ മത്സരിച്ച കിഷോർ കുമാർ ജെനക്ക് യോഗ്യത നേടാനായില്ല. വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വിനേഷ് ഫോഗട്ട് സെമിയിലെത്തി. എന്നാൽ ടേബിൾ ടെന്നിസിൽ ഇന്ത്യൻ പുരുഷ ടീം പരാജയപ്പെട്ടു. പുരുഷ ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജർമനിയെ നേരിടും. ഇന്ത്യൻ സമയം രാത്രി 10.30 നാണ് മത്സരം.

*

***********************

**************************************************************

RNUTVPM